"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വാണിയങ്കുളം ടി ആർ കെ എച്ച് എസ് സ്കൂളിലെ എൽ ജി സംസ്കൃതാദ്ധ്യാപികയായ ശ്രീമതി.ദുർഗ്ഗ .പി.ഡി യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1324/2022/GEDN തീയതി,തിരുവനന്തപുരം, 05-03-2022

---

പരാമർശം:- 1. 22.04.2021 ലെ ജെ1/289/2019/പൊ.വി.വ നമ്പർ സർക്കുലർ

2. ശ്രീമതി.ദുർഗ്ഗ .പി.ഡി യുടെ അപേക്ഷ.

3. 4/01/2022 ലെ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി3/5961/2021 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വാണിയങ്കുളം ടി ആർ കെ എച്ച് എസ് സ്കൂളിലെ എൽ ജി സംസ്കൃതാദ്ധ്യാപികയായ ശ്രീമതി.ദുർഗ്ഗ .പി.ഡി യ്ക്ക് ബി എഡ് ട്രെയിനിംഗ് കോഴ്സിന് ചേരുന്നതിനായി 25/11/2021 മുതൽ 31/03/2023 വരെ കെ എസ് ആർ പാർട്ട് 1 റൂൾ 88 പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം ഒറ്റപ്പാലം ജില്ലാവിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത് നല്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം അക്കാഡമിക്ക് വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ 2023-24 അക്കാഡമിക്ക് വർഷത്തിന്റെ ആരംഭത്തിൽ മാത്രമേ ടിയാളെ തിരികെ പ്രവേശിപ്പിക്കാവൂ എന്നും അവധിയ്ക്ക് ശേഷമുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലും ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിലും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വാണിയങ്കുളം ടി ആർ കെ എച്ച് എസ് സ്കൂളിലെ എൽ ജി സംസ്കൃതാദ്ധ്യാപികയായ ശ്രീമതി.ദുർഗ്ഗ .പി.ഡി യ്ക്ക് ബി എഡ് ട്രെയിനിംഗ് കോഴ്സിന് ചേരുന്നതിനായി 25/11/2021 മുതൽ 31/03/2023 വരെ കെ.എസ്.ആർ., ഭാഗം I, ചട്ടം 88

പ്രകാരം ശൂന്യവേതന അവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശൂന്യ വേതനാവധി സംബന്ധിച്ച വിവരങ്ങൾ ടിയാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ശ്രീമതി. ദുർഗ്ഗ.പി.ഡി, എൽ.ജി. സംസ്കൃതം ടീച്ചർ, ടി ആർ കെ.എച്ച്.എസ് വാണിയംകുളം, ഒറ്റപ്പാലം, പാലക്കാട്

പ്രധാനാദ്ധ്യാപിക , ടി ആർ കെ.എച്ച്.എസ് വാണിയംകുളം, ഒറ്റപ്പാലം, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ വകുപ്പ്(Vide UO note No.Rules-B4/21/2022/Fin dated 26/02/2022)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 05-03-2022 11:42:22**
സെക്ഷൻ ഓഫീസർ